# മോർ അസ്സസൊയേൽ സഹദ
## St. Azasayel (AD 303)

**സാ**ക്ഷ്യകിരീടത്തിന് അർഹത നേടുവാൻ പ്രായം ഒരു തടസ്സമല്ല എന്ന് ഉറക്കെ പ്രാഖ്യാപിച്ച വിശുദ്ധനാണ് വി. അസ്സസൊയേൽ സഹദ. സോമസോറ്റയിലോ ഫ്രിജിയയിലോ (Phrygia) ആണ് അദ്ദേഹം ജനിച്ചതെന്ന് വിശ്വസിക്കപ്പെടുന്നു. അദ്ദേഹത്തിന്റെ പിതാവ് രാജസദസ്സുകളിൽ വളരെ സ്വാധീനമുള്ള ഒരു വ്യക്തിയായിരുന്നു.

എന്നാൽ യേശുക്രിസ്തുവിന്റെ സ്നേഹവും, പരിലാളനവും അദ്ദേഹത്തിന് ലഭിച്ചത് മറ്റൊരു വിധത്തിലായിരുന്നു. അസ്സസൊയേലിന് പ്രായപൂർത്തിയാകും മുൻപേ അദ്ദേഹത്തിന്റെ മാതാപിതാക്കൾ മരണപ്പെട്ടു. പിന്നീടുള്ള അദ്ദേഹത്തിന്റെ സംരക്ഷണം തന്റെ അമ്മാവൻ ഏറ്റെടുത്തു. ഒരു പക്ഷേ അമ്മാവനിൽ നിന്നുമായിരിക്കും അദ്ദേഹം യേശുക്രിസ്തുവിലേക്ക് ആകൃഷ്ഠനാകുന്നത്.

വി. അസ്സസൊയേലിന്റെ മനസ്സിൽ കർത്താവിനോടുള്ള ഭക്തിയും സ്നേഹവും വർദ്ധിച്ചു വന്നു. അമ്മാവനോടൊപ്പം വിശുദ്ധനും യേശുവിന്റെ സുവിശേഷദൂത് സമീപപ്രദേശങ്ങളിൽ പ്രഖ്യാപിക്കാൻ ആരംഭിച്ചതോടെ അവർ രാജാക്കന്മാരുടെ നോട്ടപുള്ളികളായി മാറി.

വിശുദ്ധനും, അമ്മാവനും പിന്നീട് റോമിലേക്ക് വന്നുവെന്ന് ചരിത്ര രേഖകളിൽ കാണുന്നു എന്നാൽ ഇതിനെ സംബന്ധിച്ച് രണ്ട് പാരമ്പര്യങ്ങളാണ് നിലവിലുള്ളത്. ഒന്നാമത്തെ ചരിത്രം അനുസരിച്ച് വി. അസ്സസൊയേലും അദ്ദേഹത്തിന്റെ അമ്മാവനും സുവിശേഷ ഘോഷണത്തെ പ്രതി റോമിൽ എത്തിയെന്നാണ്. രണ്ടാമത്തെ പാരമ്പര്യ പ്രകാരം റോമൻ ചക്രവർത്തിയുടെ നിർദ്ദേശാനുസരണമാണ് ഇവരിരുവരും റോമിൽ എത്തുന്നത്.

വി. അസ്സസോയേലിന്റെ പതിനാലാം വയസ്സിലണ് റോമൻ ഭരണാധികാരി അദ്ദേഹത്തെ കുറിച്ച് കേൾക്കുന്നത്. വിശുദ്ധന്റേയും അമ്മാവന്റേയും പ്രവർത്തനഫലമായി ധാരാളം ആളുകൾ വിശ്വാസത്തിലേക്ക് കടന്നുവന്നത് ചക്രവർത്തിയെ കുപിതനാക്കി. അയാൾ ഇരുവരേയും വിസ്താരത്തിനായി റോമാ നഗരിയിലേക്ക് വിളിപ്പിച്ചു. ചക്രവർത്തി മാക്സീമിയൻ സത്യവിശ്വാസം തള്ളി പറയുവാൻ വിശുദ്ധനോട് ആവശ്യപ്പെട്ടു. അസ്സസോയേൽ അതിന് വിസമ്മതിച്ചപ്പോൾ അതിക്രൂരമായ പീഢനങ്ങൾക്ക് വിധേയനാക്കി. എന്നാൽ അന്ന് രാത്രി കർത്താവ് അദ്ദേഹത്തിന് ആശ്വാസവും സൗഖ്യവും നൽകി.

ക്രൂരമായ പീഢനങ്ങൾ ഏറ്റ് തകർന്ന വിശുദ്ധൻ ആരോഗ്യം വിണ്ടെടുത്തത് കണ്ട് ചക്രവർത്തി അത്ഭുതം പൂണ്ടു. എങ്കിലും കഠിനമായ അയാളുടെ ഹൃദയം ഉരുകിയില്ല. രണ്ടാമതും പ്രലോഭനങ്ങൾ നൽകി വിശുദ്ധനെ വഴിതെറ്റിക്കാൻ ചക്രവർത്തി ശ്രമങ്ങൾ ആരംഭിച്ചു. അവ ഒന്നും ഫലിക്കുന്നില്ലെന്ന് ബോധ്യമായപ്പോൾ വീണ്ടും പീഢനപർവ്വം ആരംഭിച്ചു. കൂടുതൽ ക്രൂരമായി ചക്രവർത്തി പെരുമാറി. പീഢാഭാരത്താൽ വിശുദ്ധൻ തകർന്നു വീണു. എന്നാൽ അതിനുശേഷവും ദൈവത്തിന്റെ ശക്തിയാൽ വിശുദ്ധൻ പൂർണ്ണ ആരോഗ്യം വീണ്ടെടുത്തു.

തന്റെ ശ്രമങ്ങൾ ആവർത്തിച്ച് പരാജയപ്പെട്ടപ്പോൾ ചക്രവർത്തി ക്രുദ്ധനാവുകയും വിശുദ്ധനെ കൊന്നുകളയുവാൻ ഉത്തരവാകുകയും ചെയ്തു. ചക്രവർത്തിയുടെ കൽപനപ്രകാരം തന്റെ പതിനാലാം (പതിനഞ്ച്) വയസ്സിൽ വി. അസ്സസോയേൽ രക്തസാക്ഷിത്വം വരിച്ചു. വിശ്വാസികൾ അദ്ദേഹത്തിന്റെ തിരുശേഷിപ്പുകൾ സംസ്കരിക്കുകയും, എ.ഡി. 500നോടടുത്ത് ഒരു വലിയ ദേവാലയം അവിടെ ഉയരുകയും ചെയ്തു.

വി. അസ്സസോയേൽ സഹദായുടെ തിരുശേഷിപ്പിന്റെ ഒരു ഭാഗം ബ്രിട്ടണിലെ നോർത്തബർ ലാന്റെ (Northumber land) എന്ന പ്രദേശത്തെ രാജാവിന് ലഭിച്ചതായും അദ്ദേഹം ഈ വിശുദ്ധന്റെ മദ്ധ്യസ്ഥതയിൽ ദൈവാലയം നിർമ്മച്ചതായും വിശ്വസിക്കപ്പെടുന്നു. ലണ്ടനിലും പരിസര പ്രദേശങ്ങളിലും ധാരാളം ദൈവാലയങ്ങൾ ഈ വിശുദ്ധന്റെ പേരിലുണ്ട്. ലണ്ടനിലെ പ്രസിദ്ധമായ ഒരു തീവണ്ടി ആഫീസ് (Railway Station) ഈ വിശുദ്ധന്റെ നാമത്തിലാണ് സ്ഥാപിതമായിട്ടുള്ളത് വി. അസ്സസോയേൽ സഹദായുടെ ജീവിതം നമുക്ക് മാതൃകയാകട്ടേ!

വിശുദ്ധന്റെ തിരുന്നാൾ മെയ് മാസം 12-ാം തിയ്യതിയോ, ആഗസ്റ്റ് 12-ാം തിയതിയോ സഭ ആഘോഷിക്കുന്നു.

***Compiled by Fr. Greger R. Kollanoor, Palakkal.***
***E-mail:gregerpalakkal@yahoo.co.in***